# രാജർഷി

| പുസ്തകം 8 | മിഥുനം | ലക്കം 11 |
|---|---|---|

## മംഗളം.

—*—

അജ്ഞാനധ്വാന്തവിധ്വംസകനരുമമമാ-
ന്നെത്തുംവാക്കുള്ള പൊള്ളും
വിജ്ഞാനം ചേന്ന വയ്മ്പൻ സുധി സകലകലാ-
വല്ലഭൻ വിശ്വവന്ദ്യൻ
ഭഞ്ജിയ്ക്കാതോക്കമാത്തക്ത്തിസുഖമരുളും
മാന്യ'രാജഷി'യാരും
രഞ്ജിയ്ക്കും മട്ടിലേവം വിലസുകസുചിരം
സംഗമേശപ്രസാദാൽ.

നടുവത്തു ശങ്കരൻ നമ്പൂതിരി.

---

വേദാന്തം.

## പ്രവൃത്തിയാണ് നിവൃത്തിക്കുള്ള മാർഗ്ഗം.

ഒരു ടൺ ഉപദേശത്തേക്കാൾ ഒരു ഔൺസ് പ്രവൃത്തിയാണ് ഉത്തമമായിട്ടുള്ളതു് എന്നു പറയുന്നതു അക്ഷരംപ്രതി വാസ്തവമാണ്. ലോകത്തിൽ എവിടെ നോക്കിയാലും ഉപദേശിക്കുന്നതിനോ ആക്ഷേപം പുറപ്പെടുവിക്കുന്നതിനോ ഉള്ള ആളുകളെ കാണാം. പ്രവത്തിക്കുന്നവരും പ്രവത്തിച്ചുകാണിക്കുന്നവരും ദുല്ലഭം. 'ഞാൻ എന്തു ചെയ്യുന്നുവെന്നു നോക്കേണ്ട. ഞാൻ പറയുന്നതനുസരിച്ചാൽ മതി.' എന്നു പറയുന്ന ആചാര്യന്മാർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ആ ആചാര്യന്മാരില്ലാത്ത കുറവ് നമുക്കില്ല. എന്നാൽ 'എന്റെ പ്രവൃത്തി നോക്ക് ഇതുപോലെ പ്രവത്തിക്കുക. എന്നു പറയാൻ തക്ക ആത്മശക്തിയുള്ള

ആചാൎയ്യന്മാർ കുറവാണു്. അത്തരത്തിലുള്ള ആചാൎയ്യന്മാരെയാണു് ലോകം ഇന്നു ആവശ്യപ്പെടുന്നതു്. സ്വാൎത്ഥംകൊണ്ടു തലതിരിഞ്ഞു വഴിപിഴച്ചുപോകുന്ന ലോകത്തെ നേർവഴിക്കു തിരിച്ചുവിടുന്നതിനു അവൎക്കേ സാധിക്കുകയുള്ളു.

പാശ്ചാത്യപരിഷ്കാരത്തിൻെറ തിരത്തള്ളലിൽപ്പെട്ട ഭാരതീയ യുവാക്കന്മാർ നാസ്തികത്വത്തിലേക്കു ത്വരിതഗമനം ചെയ്യുന്ന അവസരത്തിൽ, അവരേയും ആ വഴി ഭാരതഭൂമിയേയും ലോകത്തെത്തന്നേയും രക്ഷിക്കുന്നതിനു, ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ ബങ്കാളത്തിൽ തിരു അവതാരംചെയ്തു. ഓരോ അവതാരങ്ങൾക്കും ഓരോ ഉദ്ദേശമുണ്ടെങ്കിലും ധൎമ്മസംസ്ഥാപനമാണു് അവതാരങ്ങളുടെ ഉദ്ദേശം. ഭാരതഭൂമിയുടെ ചരിത്രത്തിൽ ഏററവും ആപൽകരമായ ഒരു ഘട്ടത്തിലാണു് ശ്രീരാമകൃഷ്ണദേവൻ അവതരിച്ചതു്. അദ്ദേഹത്തെ തീൎച്ചയായും ആധുനികഭാരതത്തിൻെറ ജനയിതാവായി കണക്കാക്കാം.

ഒരു പ്രത്യേക സന്ദേശവുംകൊണ്ടാണു് ഭഗവാൻ ഭൂജാതനായതു്. പരസ്പരം വിരുദ്ധങ്ങളെന്നു സാധാരണക്കാൎക്കു തോന്നുന്ന ഭിന്നമാൎഗ്ഗങ്ങളെ കൂട്ടിയിണക്കി, ബ്രഹ്മചാരിക്കും ഗൃഹസ്ഥനും സന്ന്യാസിക്കും ഒരുപോലെ മാൎഗ്ഗദൎശിയായി, ഏവൎക്കും ഒരാദൎശപുരുഷനായി അദ്ദേഹം വിളങ്ങി. ആത്മീയമായ ഉയൎച്ച് കൈവരണമെങ്കിൽ ലൌകികധൎമ്മങ്ങളെ ഉപേക്ഷിക്കണമെന്നില്ല. ലൌകികനായിരുന്നുകൊണ്ടുതന്നെ ഏതൊരാൾക്കും ഈശ്വരസാക്ഷാൽകാരം സാദ്ധ്യമാണു്. ഇഹവും പരവും ഒരിക്കലും വിരുദ്ധങ്ങളല്ല. രണ്ടുംകൂടി കൂട്ടിയിണക്കി ജീവിതം സുഗമമാക്കുകയാണു് വേണ്ടതു്. ശ്രീരാമകൃഷ്ണൻ പറയുന്നു, 'ഒരു കൈകൊണ്ടു മാതൃപാദങ്ങൾ മുറുകെപ്പിടിക്കുക. മറേറ കൈകൊണ്ടു നിൻെറ ലൌകികപ്രവൃത്തിചെയ്യുക. ആ പ്രവൃത്തി കഴിഞ്ഞാൽ ഇരു കൈകൊണ്ടും മാതൃപാദങ്ങൾ മുറുകെപ്പിടിക്കുക.' ഈശ്വരൻെറ പേരും പറഞ്ഞു—സന്ന്യാസത്തിൻെറ പേരും പറഞ്ഞു—അലസമായിരിക്കുന്നതു തമസ്സിൻെറ ലക്ഷണമാണു്. ഉത്സാഹത്തോടുകൂടി പ്രവൎത്തിക്കുവാനാണു് ശ്രീരാമകൃഷ്ണൻ ഉപദേശിക്കുന്നതു്. ഈശ്വരോന്മുഖമായ പ്രവൃത്തിയിൽക്കൂടി അദ്ദേഹം നിവൃത്തിനേടി. ഇതാൎക്കും സാധിക്കാവുന്നതാണു്. ഇതാണദ്ദേഹത്തിൻെറ സന്ദേശം ഈശ്വരാൎപ്പണമായി ലോകസേവനംചെയ്തു് അതുവഴി ഈശ്വരസാക്ഷാൽകാരം സമ്പാദിക്കുക—സാധുക്കൾക്കുവേണ്ടി—ആതുരന്മാൎക്കുവേണ്ടി ജീവിക്കുക. അവരെ പരിചരിക്കുക—അഹങ്കാരരഹിതനായിത്തീരുക. ഇതാണു് ശ്രീരാമകൃഷ്ണ

വന്റെ ജീവിതം വിളിച്ചുപറയുന്നത്. ഈ പ്രപഞ്ചം മുഴുവനും സ്നേഹമയിയായ ജഗദംബികയുടെ ലീലകൾമാത്രമാണെന്നു അനുഭവസിദ്ധമാക്കി, പ്രപഞ്ചത്തിലുള്ള സകല പ്രാണികളും ഈശ്വരാംശമാണെന്നു കണ്ടറിഞ്ഞു്, ആ ജീവികളുടെ പാദശുശ്രൂഷയാകുന്ന മഹായജ്ഞം കൊണ്ടു ഹൃദയശുദ്ധിവരുത്തി, ആത്മോന്നതി സമ്പാദിച്ച ശ്രീരാമകൃഷ്ണദേവൻ ഏതുകാലത്തും ഏതൊരാൾക്കും ഒരാദർശപുരുഷനാണെന്നുള്ളതിനു സംശയമില്ല. ഭൂതദയ, ത്യാഗം, നിഷ്കാമകർമ്മം ഇതു മൂന്നും മൂർത്തീകരിച്ച ആ ഗുരുവര്യനെ ഗുരുക്കന്മാരിൽവെച്ചു ഗുരുവായി ലോകം വാഴ്ത്തുമെന്നുള്ളതിനു സംശയമില്ല. പറയരിൽവെച്ചു പറയന്റെയുംകൂടി ദാസ്യവൃത്തി സ്വയം സ്വീകരിച്ച് യഥാർത്ഥസേവനത്തിന്റെ ഒരു മാതൃക കാണിച്ചുകൊടുത്ത ആ ലോകസേവപരമാണുവല്ലെങ്കിൽ മററാരാണ് ലോകഗുരുവായിത്തീരുന്നതിനു അർഹൻ?

ഇതുതന്നെയാണ് ശ്രീരാമകൃഷ്ണൻ വിവേകാനന്ദസ്വാമികൾക്കു ഉപദേശിച്ചുകൊടുത്ത മഹാമന്ത്രം. ലോകസേവനം ഒരു വ്രതമായി ഏററുനടത്തുവാനാണ് അദ്ദേഹം വിവേകാനന്ദസ്വാമികളോടാജ്ഞാപിച്ചതു്. സ്വാമികളാകട്ടെ തന്റെ സർവ്വവും ലോകസേവനമാകുന്ന മഹാഗ്നിയിൽ അർപ്പിച്ചു. ചുററുമുള്ള സഹജീവികൾ അജ്ഞതയിലും ദാരിദ്ര്യത്തിലും ആണ്ടു വലയുമ്പോൾ കണ്ണുമടച്ചു ധ്യാനത്തിലിരിക്കുന്ന സന്ന്യാസിമാർ ഒരിക്കലും സന്ന്യാസിമാരല്ല—ആ ധ്യാനം തമസ്സിന്റെ ലക്ഷണമാണ്.—ഉണർന്നു പ്രവർത്തിക്കലാണു വേണ്ടതു്. ഇതാണ് വിവേകാനന്ദസ്വാമികൾ ചെയ്തതു്; സാധുക്കൾ എന്നു കേൾക്കുമ്പോൾ തന്നെ സ്വാമികളുടെ ഹൃദയം തുടിച്ചുകൊണ്ടിരുന്നു.

ഈ ഗുരുശിഷ്യന്മാരുടെ സേവനാസക്തിയിൽനിന്നു പൊട്ടിപ്പുറപ്പെട്ട് ഇന്ന് ലോകമെങ്ങും വ്യാപിച്ചിട്ടുള്ള ശ്രീരാമകൃഷ്ണസംഘത്തിന്റെ കാര്യപരിപാടിയിൽ മുന്നിട്ടുനില്ക്കുന്നതും ലോകസേവനമാണ്. സാധുസംരക്ഷണം ചെയ്യുക; പരന്മാർക്കായി ജീവിക്കുക; ഈശ്വരനെ അറിഞ്ഞാസ്വദിക്കുവാൻ അവരെ പ്രാപ്തരാക്കുക. ഇതാണ് ശ്രീരാമകൃഷ്ണമിഷ്യനിൽപ്പെട്ട അഞ്ഞൂറിൽപരം സന്ന്യാസിവര്യന്മാർ ഇന്നു ചെയ്തുപോരുന്ന പ്രവൃത്തി. ലോകസേവനംതന്നെയാണ് യഥാർത്ഥമായ ആത്മസേവനമെന്നു അനുഭവസിദ്ധമാക്കി ലോകത്തിനു കാണിച്ചുകൊടുത്ത ശ്രീരാമകൃഷ്ണനും അതനുസരിച്ച് ജീവിച്ച ശ്രീ വിവേകാനന്ദനുമാണ് തീർച്ചയായും നമ്മുടെ മാർഗ്ഗദർശികൾ. വിവേകാനന്ദസ്വാമികൾ എന്തിനുവേണ്ടി അദ്ദേഹത്തിന്റെ ആത്മാവിനെ അർപ്പിച്ചുവോ അതിനു

സന്നദ്ധരായ—സാധുജനസേവനത്തിന്നു സന്നദ്ധരായ—യുവചൈതന്യമുള്ള ചെറുപ്പക്കാരെയാണ് നമുക്കിന്നാവശ്യം. പ്രവൎത്തിക്കുന്നവരേയാണ് ആവശ്യം—വാക്കുകൾക്കു ഒന്നും ചെയ്യുവാൻ ശക്തിയില്ല. ഇത്രകാലത്തെ ശുഷ്കമായ പ്രസംഗംകൊണ്ടു യാതൊരു ഫലവുമുണ്ടായിട്ടില്ല. ലൌകികസുഖങ്ങളുടെ പിന്നാലെ പോകാതെ ആത്മാവിനെ അറിയുവാൻ ശ്രമിക്കുക. ആത്മചൈതന്യം നിങ്ങളിൽ തുളുമ്പുന്നുണ്ടെങ്കിൽ മാത്രമേ നിങ്ങൾ സേവനത്തിനു ശക്തന്മാരായിത്തീരുകയുള്ളു. അത്തരത്തിൽ യുവചൈതന്യവും ആത്മചൈതന്യവും തുളുമ്പുന്ന വിവേകാനന്ദന്മാരെയാണിന്നു ലോകത്തിന്നാവശ്യം. അവൎക്കേ ലോകത്തെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു. മതം എന്നു പറയുന്നതു് പുസ്തകമല്ല-വെറും വിശ്വാസമല്ല-ആത്മജ്ഞാനമാണ്; ആത്മീയമായ ഉണൎച്ചയാണ്. ആത്മജ്ഞാനം സിദ്ധിച്ചവരാണ് ലോകഗുരുക്കന്മാർ.

ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യപരമ്പരയിൽ അഞ്ഞൂററിച്ചില്വാനം സ്വാമിമാർ ഇന്നു ലോകത്തിന്റെ നാനാ ഭാഗത്തും സേവനം ചെയ്തുപോരുന്നുണ്ടു്. ഇന്ത്യക്കുപുറമേ ബൎമ്മ, സിലോൺ, മലയ, അമേരിക്ക, ബ്രിട്ടൻ, മദ്ധ്യയൂറോപ്പ് തുടങ്ങി മിക്ക സ്ഥലത്തും സംഘത്തിന്റെ ശാഖകൾ ഉണ്ടു്. സംഘത്തിന്റെ കീഴിൽ ഇന്നു ഇന്ത്യയുടെ നാനാഭാഗത്തുമായി എഴുപതോളം ആശുപത്രികളും എൺപതോളം പുസ്തകശാലകളും വായനശാലകളും എഴുപത്തിരണ്ടോളം വിദ്യാലയങ്ങളും ഇരുപതു ആതുരശാലകളും നടക്കുന്നുണ്ടു്. ഇതിനുംപുറമേ കൊടുങ്കാററ്, വെള്ളപ്പൊക്കം, അഗ്നിബാധ, ഭൂമികുലുക്കം, ക്ഷാമം തുടങ്ങിയ അവിചാരിതമായ സംഭവങ്ങൾമൂലം സങ്കടം അനുഭവിക്കുന്നവരെ രക്ഷിക്കുന്നതിനു വിപുലമായതോതിൽ നിവാരണശ്രമങ്ങളും ശ്രീരാമകൃഷ്ണസംഘക്കാർ ചെയ്തുവരുന്നുണ്ടു്. ഇതു മിഷന്റെ പ്രവൃത്തിയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. ഇത്തരത്തിൽ സാധുക്കൾക്കു ഭൌതികവും ആത്മീയവുമായ ഉന്നതി ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി, ജീവിതം അൎപ്പിച്ചിച്ചിട്ടുള്ള ഉത്സാഹികളും വിദ്യാസമ്പന്നരും ത്യാഗിവൎയ്യന്മാരും ആയ സന്ന്യാസിവൎയ്യന്മാരാണ് വിവേകാനന്ദസ്വാമികളുടെ പ്രവൃത്തി തുടൎന്നുകൊണ്ടുപോകുന്നതു്. ലോകത്തിൽ, ലൌകികരുടെ ഇടയിൽ അവരുടെ ഉന്നമനത്തിനുവേണ്ടി ഈ മഹാന്മാർ പ്രവൎത്തിക്കുന്നുണ്ടെങ്കിലും അവരുടെ ലക്ഷ്യം അജ്ഞാതമാണ്. അവരുടെ പ്രവൃത്തി അവർ നിവൃത്തിമാൎഗ്ഗമായിട്ടാണ് സങ്കല്പിച്ചിട്ടുള്ളതു്.

എ. കരുണാകരമേനോൻ, ബി. എ., എൽ. ടി.
ഹെഡ്മാസ്റ്റർ, വിവേകോദയം ഹൈസ്കൂൾ.

## * ദ്രവ്യത്തിനോട്.

(ഗാഥ)

ദ്രവ്യമേ, ധാതാവു ലോകോപകാരാർത്ഥം
നവ്യമാം യന്ത്രമായ് തീർത്തുനിന്നെ
മാനസോല്ലാസവും കായികദാർഢ്യവും
മാനുഷബുദ്ധിക്കു തീക്ഷ്ണതയും
മത്സരബുദ്ധിയുമുത്സാഹശീലവും
തത്സമമുൽഗമനേച്ഛയുമേ
കൈവളർത്തീടുവാനായിപ്പിറന്ന നീ
കൈവിഷമായിപ്പരിണമിച്ചു.
വേലകൾ ചെയ്യും കൃഷീവലൻ നിന്നെയാ-
പേലവലോഭാൽ പ്രതീക്ഷിക്കുന്നു.
എന്നാലവനുടെ കണ്ണുകൾ ചെയ്യുതു
വിണ്ണിലാ ദൈവത്തിൻ മുന്നിലല്ല.
നിത്യോപവാസമായ്ക്കൂട്ടം ദരിദ്രനു,
മത്യാർത്തിപൂണ്ടുള്ള കണ്ണിണകൾ
നിന്നിൽച്ചെലുത്തുന്നു നീചവികാരനായ്
മന്നിനു നാശമണക്കുവാനായ്.

എന്നും സുഖമായ് നിൻ മാധുര്യമാസ്വാദി-
ച്ചൊന്നിനും മുട്ടാതെ വാണിടുന്നോൻ.
പിന്നേയും പിന്നേയും കിട്ടുവാൻ മോഹിച്ചു
മന്നിനു ഭാരമായ്ത്തന്നെ വാഴ്വൂ.
നോക്കിനി സമ്പൽസമൃദ്ധി തന്നുച്ചിയിൽ
നില്ക്കുമാ ധന്യനെയൊന്നു നോക്കാം
അപ്പരാശക്തിതൻ കിങ്കരൻതാനെന്നു
സ്വല്പവുമപ്പുമാനോർപ്പതുണ്ടോ
പൊന്നിനെ കാൽപ്പൊടി തന്നിലാറാടിച്ചു
പട്ടിനെപ്പാദോപധാനമാക്കി
മദ്യവും സേവിച്ചുകൊണ്ടഹങ്കാരത്താൽ
മത്തനായ് വിത്തവാൻ വാണീടുന്നു.
പാവങ്ങൾതൂകുമാക്കണ്ണീർ കണം തുട-
ച്ചായവഹർഷാംബുവായി മാററാൻ,
കാവ്യകലാദിയിൽ വാസനയുള്ളൊരാ
പാവത്തിൻ കല്പകവൃക്ഷമാവാൻ,
സമ്പൽസുധയിൽ കുളിപ്പിക്കും ദൈവത്തിൻ
മുമ്പിൽ സവിനയം കുമ്പിടുവാൻ

വിത്തപ്രമത്തനായ് കൂടപ്പിറപ്പിനെ
മർദ്ദിക്കും ദ്രവ്യസ്ഥനെങ്ങു നേരം?
ഈശൻ വലംകൈയാൽ സൃഷ്ടിച്ചു നീയൊരു
പൈശാചദേവതയായി മാറി
മാനുഷമാനസമക്ടെത്തെക്കൊണ്ടു
നാനാപരാധങ്ങൾ ചെയ്യിപ്പൂ നീ.
ഭോഗം ഭുജിച്ചു ഭുജിച്ചു ധനാഢ്യനാ
രോഗകോപാദികടിമയായും
തൃഷ്ണ വളൎന്നു വളൎന്നു തൻ സോദര-
രക്തമൊഴുകുവാനാഗ്രഹിച്ചും
ക്ഷുത്തു പൊറുത്തു പൊറുത്തു ധനാർജ്ജന-
ചിത്തനായ് ഭിക്ഷു മൃതിയടഞ്ഞും
നാനാവിധം നരൻ നട്ടംതിരിയുന്നു
മാനസം ദ്രവ്യമേ നിൻെറ കല്ലോ?
ഒന്നുകിൽകൃത്യനിരതനായ് നീയെന്നും
മന്നിൽ സമഭാവമാൎന്നു വാഴ്ക
അല്ലെങ്കിൽ മന്നിനെ വിട്ടു നീ ദൈവത്തിൻ
സന്നിധാനത്തിങ്കലെത്തിയാലും.
എന്നാലാ മാനുഷദൃഷ്ടി നിന്നെത്തിര-
ഞ്ഞെത്താനായവിടെയണഞ്ഞുകൂട്ടം.

ചന്ദ്രമതി

* പ്രോത്സാഹനാർത്ഥം.

* രാജർഷി കലാനിലയത്തെപ്പററി
## പ്രശംസാപദ്യങ്ങൾ

പണ്ടുള്ളോർ പാടുപെട്ടാപ്പലപലവിഷയത്തിങ്കലാർജ്ജിച്ച വിദ്യാ-
ഭണ്ഡാരം പിന്നെയുള്ളോരലസതയിലലങ്കോലമാക്കിക്കളഞ്ഞു.
വേണ്ടോരില്ലാതെയായീ കുറയിട സുരവാണിക്കു, നാണിക്കുമാറും
കണ്ടാലീ ശോചനീയസ്ഥിതിയതിനുപശാന്തിക്കു ഗോപാലനെത്തി

വ

ആ വിദ്യാനിലയം സമസ്തവിഷയം സമ്യക് ഗ്രഹിപ്പിക്കുവാ-
നാവും ഗ്രന്ഥസമുച്ചയം, പരിചയം നോക്കുള്ളോരമ്മാസിക
ഏവം പദ്ധതി മൂന്നുകൊണ്ടു പതിവായ് ഗോപാലനാമാവിനാൽ
സേവിക്കപ്പെട്ടമാക്കലാജനനിയും നാമും കടപ്പെട്ടവർ.

കന്നത്തേരി രാമൻ മേനോൻ, ബോംബെ.

* ഒരു നല്ല യുവസാഹിത്യകാരനും രാജർഷിയുടെ ആവിർഭാവം മുതൽ അതിനെ നാളിതുവരെ സാഹിത്യപരമായും സാമ്പത്തികമായും സഹായിച്ചുവന്ന ഒരു മാന്യനുമായ ശ്രീമാൻ കന്നത്തേരി രാമൻ മേനോൻെറ ഈ പ്രശംസാപദ്യങ്ങൾ രാജർഷിയിൽ ചേർക്കുന്നതിന് അതിൻെറ പ്രവർത്തകന്മാർക്ക് അത്യധികം സന്തോഷമുണ്ട്.

സാഹിത്യം.

# അലങ്കാരവിചാരം.

## VI.

ഉപമയേയും രൂപകത്തേയും എന്നപോലെ ആവശ്യത്തെ പുരസ്കരിച്ചും രസത്തിന്ന ഹാനി തട്ടാതേയും ശ്ലേഷാലങ്കാരത്തേയും പ്രയോഗിക്കുവാൻ കഴിയും. കഥാവസ്തുവിന്റെ സ്ഥിതി അനുസരിച്ചു പലപ്പോഴും അങ്ങനെ ചെയ്യേണ്ടതു ആവശ്യമായിവരും. ആ സന്ദർഭങ്ങളിൽ ശക്തന്മാരായ കവികൾ ശ്ലേഷത്തെ പരിത്യജിക്കുക പതിവില്ല. നൈഷധീയചരിതത്തിലെ പഞ്ചനളീകം (പതിമൂന്നാം സർഗ്ഗം) ഇവിടെ ഉദാഹരണത്തിന്ന സ്മരിക്കാം. ദമയന്തീവരണത്തിന്ന നളവേഷധാരികളായി രാജസദസ്സിൽ വന്നു സ്ഥാനംപിടിച്ച ഇന്ദ്രാദിദേവന്മാരും നളനും ഒന്നെന്നും ഭിന്നന്മാരെന്നും ബുദ്ധി ജനിപ്പിക്കത്തക്കവിധത്തിൽ ഈ സന്ദർഭത്തിൽ വർണ്ണനം നിർവ്വഹിച്ചിരിക്കുന്ന ശ്ലേഷം ഔചിത്യബോധത്തോടും പാടവത്തോടുംകൂടി പ്രയോഗിച്ചാൽ എങ്ങനെ രസോല്ക്കർഷജനകമായിത്തീരുന്നു എന്നുള്ളതിന്ന ഒരു പരമമായ ഉദാഹരണമാകുന്നു നൈഷധീയചരിതത്തിലെ പ്രസ്തുത സർഗ്ഗം. മഹാകാവ്യങ്ങളിൽ മിക്കവാറും എല്ലാത്തിലും ഇതുപോലെ ശ്ലേഷം ഉപയോഗിച്ചു മോടിവരുത്തിയിരിക്കുന്ന ഭാഗങ്ങൾ ഉണ്ട്. ഈ സന്ദഭത്തിൽ ചമ്പുക്കളേയും നാട്യപ്രബന്ധങ്ങളേയും വിസ്മരിക്കാവുന്നതല്ല. സ്ഥാനം നോക്കി ശ്ലേഷം പ്രയോഗിച്ചു ഫലിതവും രസപോഷവും സാധിക്കുന്നതിന്ന കേരളീയസംസ്കൃതകവികളിൽ മേപ്പത്തൂര് വിശേഷേണനിപുണനാകുന്നു. ഭട്ടതിരിയുടെ ഈ വൈഭവം പ്രബന്ധങ്ങളിൽനിന്ന ഗ്രഹിക്കാം.

ദുർല്ലഭമായിട്ടെങ്കിലും കാളിദാസനും കാവ്യങ്ങളിൽ ശ്ലേഷപ്രയോഗംകൊണ്ടു സാരസ്യം സമ്പാദിച്ചിട്ടുണ്ട്. ഒരു പദ്യം ഉദാഹരിച്ചു കാണിക്കാം.

നിർവ്വിഷ്ടവിഷയസ്നേഹസ്സദശാന്തമുപേയിവാൻ
ആസീദാസന്നനിർവ്വാണഃ പ്രദീപാർച്ചിരിവോഷസി.

(രഘു. സ. 12.)

ഈ പദ്യത്തിൽ 'വിഷയസ്നേഹം' 'ദശാന്തം' 'നിർവ്വാണം' എന്നീ മൂന്നു നാനാർത്ഥപദങ്ങളാണു ശ്ലേഷത്തിന്ന അടിസ്ഥാനം. പ്രഭാതത്തിൽ കെടാറായ പ്രദീപത്തിന്റെ സാമ്യം, വൃദ്ധനായി ചരമകാലം അടുത്ത ദശരഥന്ന കല്പിച്ചിരിക്കുന്നു. പ്രസ്തുതപദ്യത്തിലെ ധ്വനിമാധുര്യ്യത്തേയും ശ്ലാഘിക്കേണ്ടതുണ്ട്. സന്ദർഭത്തിന്നുയോജിക്കുന്നവിധം ഉപയോഗിച്ചാൽ ഇപ്രകാരമാണു ശ്ലേഷം രസപ്രദമായിവരുന്നത്.

സ്ഥാനംനോക്കി ഒന്നോ രണ്ടോ നാനാർത്ഥപദം പ്രയോഗിച്ചു അതിന്റെ സാരസ്യം ശ്ലോകത്തിൽ മുഴുവനും വ്യാപിക്കുന്നതിനു ചില കവികൾക്കു അമിതമായ പാടവം ഉണ്ട്. അങ്ങനെ അവർ ചെയ്യുന്നതു പലപ്പോഴും ഹൃദയംഗമമായിരിക്കും. ഈ വൈഭവം നോക്കിയിരിക്കുന്ന കവികളിൽ അഗ്രഗണ്യനാകുന്നു ക്ഷേമേന്ദ്രൻ.

വ്യോമ്നഃ ശ്യാമാ വിരഹിണസ്താരകാശ്രുകണാവലീ
ബാലമിത്രകരോന്മൃഷ്ടാ ജഗാമാ ദർശനം ശനൈഃ

(രാമായണമഞ്ജരി)

എന്ന പദ്യം നോക്കുക. 'മിത്രകരം' ഇവിടെ ശ്ലോകത്തിന്റെ ജീവൻ എന്നു പറയാം. സുഹൃത്തിന്റെ കൈ എന്നും ആദിത്യന്റെ രശ്മി എന്നും ഈ പദത്തിനു അർത്ഥം. പ്രഭാതവർണ്ണനാത്മകമായ പ്രസ്തുത ശ്ലോകത്തിൽ, ഒരു വിരഹിയുടെ കണ്ണുനീർ അയാളുടെ മിത്രം കൈകൊണ്ടു തുടച്ചുനീക്കുന്നതിന്റെ പ്രതീതി ഭംഗിയായി വന്നിരിക്കുന്നു. ഉദാഹരണത്തിനു ഒരു പദ്യംകൂടി—

ആകാശസിന്ധോരപരാഹ്നകർണ്ണ-
ധാരാധിപഃ സംഹൃതരശ്മിജാലഃ
പ്രക്ഷേപണീഭിഃ സ്ഫടികാശ്മികാഭി-
ർദ്ദിഗന്തതീരം തരണിം നിനായ.

(പദ്യചൂഡാമണി-അശ്വഘോഷൻ

ഈ ശ്ലോകത്തിൽ നാനാർത്ഥമായ തരണി (വള്ളം സൂര്യൻ) പദം പ്രധാനം. കർണ്ണധാരൻ ഒരു വഞ്ചിയെ പുഴയിൽ കൂടി നയിച്ചു മറുകരയിലെത്തിച്ചേരുന്നു എന്ന ഭാവം ശ്ലോകത്തിൽ പ്രതീയമാനമാകുന്നു.

സാധാരണമായി സന്ദർഭത്തിന്റെ പ്രാധാന്യത്തെ ഗണിക്കേണ്ടതില്ലാത്ത മുക്തകങ്ങളിൽ നാനാർത്ഥപദങ്ങൾ പ്രയോഗിച്ചു രസകരങ്ങളായ വക്രകല്പനകൾ നിബന്ധിക്കുവാൻ കഴിയും. അങ്ങനെ നിർമ്മിച്ചിരിക്കുന്ന ഒററ ശ്ലോകങ്ങൾക്കു കണക്കില്ല. ഒരു ഉദാഹരണം:—

അവാരണീയം രിപുഭിർവ്വാരണീയം കരം നമഃ
ഹേരംബസ്യ സസിന്ദൂരമസിന്ദൂരമഘച്ഛിദം

(കഥാസരിത്സാഗരം)

ഈ ശ്ലോകത്തിൽ 'അവാരണീയ'വും അസിന്ദൂരവും ശ്ലാഘ്യങ്ങളായ പദപ്രയോഗങ്ങളായിരിക്കുന്നു.

കാവ്യത്തിനു അന്തർമ്മുഖമായ സാരസ്യത്തേയും ഗാംഭീര്യത്തേയും വർദ്ധിപ്പിക്കുന്ന ഒന്നാകുന്നു സമാധിയുടെ നിബന്ധനം. അതു സാധിക്കുന്നതിനു പലപ്പൊഴും നാനാർത്ഥപദങ്ങളെ ആശ്രയിക്കേണ്ടതായി വരും.

അധിഗത്യജഗത്യധീശ്വരാ-
ദഥ മുക്തിം പുരുഷോത്തമാത്തതഃ
വചസാമപി ഗോചരോ നയ-
സ്സതമാനന്ദമവിന്ദതദ്വിജഃ

(നൈ. ചരിതം സ. 2.)

എന്ന പ്രസിദ്ധപദ്യം ഇവിടെ സ്മരണാൎഹമാകുന്നു. ഈ ശ്ലോകത്തിലെ ജഗത്യധീശ്വരൻ (രാജാവു=ഈശ്വരൻ) മുക്തി (സാധാരണവേർവാടു=വേദാന്തപ്രസിദ്ധമായ മോക്ഷം) പുരുഷോത്തമൻ (മനുഷ്യരിൽ ശ്രേഷ്ഠൻ=മഹാവിഷ്ണു) ആനന്ദം (സന്തോഷം-ബ്രഹ്മാനന്ദം) ദ്വിജൻ (പക്ഷി ബ്രാഹ്മണൻ) എന്നീ പദങ്ങളെ ആശ്രയിച്ചു സമാധിസ്ഥിതിചെയ്യുന്നു. മഹാനായ നളരാജാവു കയ്യിൽനിന്നു വിട്ടപ്പോൾ അരയന്നത്തിനു അവൎണ്ണ്യമായ കൌതുകമുണ്ടായി എന്നു പ്രകൃതാനുസരണമായ അൎത്ഥം. ഈശ്വരങ്കൽനിന്നു മുക്തി ലഭിച്ചു സംസാരബന്ധം വേറുപെട്ടപ്പോൾ ഒരു ജ്ഞാനിക്കു സംഭവിക്കുന്ന ബ്രഹ്മാനന്ദം ഇവിടെ സമാധി. ഉദാഹൃത പദ്യത്തിലെ 'ജഗത്യധീശ്വരാ'ദിത്യാദി പദങ്ങളുടെ ശ്ലേഷം അൎത്ഥപരമാകുന്നു.

സമാധിമധുരമായ ഒരു പദ്യംകൂടി ഉദാഹരിക്കാം.

അഗസ്ത്യചിഹ്നാദയനാത്സമീപം
ദിഗുത്തരാഭാസ്വതിസന്നിവൃത്തേ
ആനന്ദശീതാമിവ ബാഷ്പവൃഷ്ടിം
ഹിമസ്രുതിം ഹൈമവതീം സസൎജ്ജ.

(രഘു. സ. 16 )

ഇതിലെ പ്രോഷിതപ്രിയാ സമാഗമസമാധി'ക്കു നാനാൎത്ഥബന്ധം തീരെ ഇല്ല. ദിശാദി പദങ്ങളുടെ ലിംഗഭേദമാണു സമാധിക്കു മൂലം.

സമാധിനിബന്ധനത്തിന്റെ കാൎയ്യത്തിൽ കവികൾക്കു ഒരു കൌതുകം വേറെ ഉണ്ട്. സഹൃദയന്മാരും അതിനെ വിശേഷേണ ആദരിച്ചുവരുന്നു. പ്രതീതിസൌഭാഗ്യസുരഭിലങ്ങളായ പദങ്ങളുടെ സൌലഭ്യം നിമിത്തം സംസ്കൃതഭാഷയിൽ സമാധികല്പനം സുകരമാണ്. എന്നാൽ അന്യഭാഷകളിൽ അതു അത്രതന്നെയെളുപ്പമല്ല.

നാടകങ്ങളിൽ പൂൎവ്വാങ്കങ്ങളിൽ ഭാവികഥാസൂചനത്തിന്റെ ആവശ്യകത നേരിടും. അപ്പോൾ അതു നിൎവ്വഹിക്കുന്നതിനു സമാസോക്തിയെ ആശ്രയിച്ചോ മറേറാ ശ്ലേഷം നിബന്ധിക്കുക സാധാരണമാകുന്നു. ഒരു പദ്യം ഉദാഹരിച്ചുകൊള്ളുന്നു.

വിന്ധ്യാസ്യാഭിനവോദയേ ശ്രിയമയം രാജ്ഞിപ്രതാപോദ്ധിതോ
ഭൂതസ്യ വ്യസനീവ ധൂസരകരഃ സന്ത്യജ്യ ദാശാസ്ഥിതിഃ

നിദ്രായദ്രുളലോചനാം കമലിനീം സന്ത്യജ്യ മദ്ധ്യേ വനം
ക്രാമത്യംബരഖണ്ഡമാത്രവിഭവോ ദേശാന്തരം ഗോപതിഃ
(നളവിലാസം നാടകം.)

ഈ സന്ധ്യാവർണ്ണനപദ്യത്തിൽ, നളൻ ദമയന്തിയെ വനമദ്ധ്യത്തിൽ ഉപേക്ഷിച്ചു വസ്ത്രഖണ്ഡം ധരിച്ചു ദേശാന്തരഗമനം ചെയ്യുന്ന കഥാംശം വ്യഞ്ജിക്കുന്നതായി കാണേണ്ടതാകുന്നു. ഇവിടെ, രാജ്ഞി പ്രതാപം ആശ വനം അംബരം ഗോപതി, എന്നീ നാനാത്ഥപദങ്ങളുടെ നിബന്ധനംകൊണ്ടു കവി കഥാസൂചനം സാധിച്ചിരിക്കുന്നു. ഈ ശ്ലോകം എത്രയും സന്ദർഭാനുസരണവും രസകരവും ആയിട്ടുണ്ടെന്നു സഹൃദയന്മാർ ചിന്തിച്ചുനോക്കേണ്ടതാകുന്നു.

ശ്ലേഷാശ്ലേഷഭൂഷിതങ്ങളായ ഭാഗങ്ങൾ ഭാഷാകൃതികളിലും സുലഭം എന്നു പറയണം. ഭാരതം കിളിപ്പാട്ടിൽനിന്നു ഒന്നുരണ്ടു ഭാഗങ്ങൾ ഉദാഹരിക്കുന്നു.

സോദരിതന്നെ നോക്കി മന്ദഹാസവുംചെയ്തു
സാദരമരുൾചെയ്തു മാധവൻ തിരുവടി
എന്തൊന്നു സന്ന്യാസിതൻ ചിന്തിതമെന്നാലതി-
നന്തരം വരാതെ നീ വശയായ് വത്തിക്കേണം
ഇനിക്കും സന്ന്യാസിക്കുമിക്കണ്ട ബന്ധുക്കൾക്കും
നിനക്കും കല്യാണമായ് വരുമെന്നറിക നീ
സന്ന്യാസിവരനിവനെന്നറിഞ്ഞീലേ നിയ്യും
ചെന്നിനി ശുശ്രൂഷിച്ചീടെന്നയച്ചിതു കൃഷ്ണൻ.
(സംഭവപർവ്വം സുഭദ്രാഹരണം)

ശ്രീകൃഷ്ണൻ സുഭദ്രയോടു പറയുന്ന ഈ വാക്കിൽ 'നിന്നെ വിവാഹം കഴിക്കുന്ന ഭത്താവാണു സന്ന്യാസി' എന്നുകൂടി അത്ഥം നിബന്ധിച്ചിരിക്കുന്നു. കല്യാണപദത്തിനു വിവാഹം മംഗലം എന്ന രണ്ടു അത്ഥവും ഗ്രഹിക്കണം. സന്ന്യാസിവരൻ എന്ന പദത്തിനു സന്ന്യാസിശ്രേഷ്ഠൻ എന്നും രണ്ടു പദമാക്കി സന്ന്യാസി, ഭത്താവ് എന്നും അത്ഥം കല്പിക്കണം. പ്രകൃതത്തിൽ സുഭദ്രാജ്ജുനവിവാഹകഥാവസ്തുകൂടി വ്യഞ്ജിപ്പിക്കുന്നതിനു കവിയെ സഹായിച്ചിരിക്കുന്നതു നാനാത്ഥപദങ്ങളെന്നു വ്യക്തമാണല്ലോ.

ഉള്ളിലറിയില്ല യാതോരു നിങ്ങളി-
ക്കള്ളനായുള്ളോരു ഗോപാലകൻ തന്നേ
കാലും കഴകിച്ചു പൂജിച്ചതോക്കുമ്പോൾ
ബാലന്മാരെ! പഴുതായ് വന്നു യാഗവും.

* * * *

ബ്രാഹ്മണശ്രേഷ്ഠനും പിന്നെശ്വപചനും
സാമ്യമത്രേയിവനല്ലിലോകൎക്കും വിധൌ
ശ്വാക്കളും ഗോക്കളുമൊക്കമിവൻ തനി-
ക്കാൎക്കുമറിയാവതല്ലിവകന്മായകൾ.

(സഭാ. പ. ശിശുപാലവധം)

ഈ ഭാഗത്തിൽ നിന്ദാത്മകവും സ്തുതിരൂപവും ആയി രണ്ടുവിധം അൎത്ഥം അടങ്ങിയിരിക്കുന്നു. രണ്ടും സ്പഷ്ടം.

വടക്കുംകൂർ രാജരാജവൎമ്മരാജാ.

ആയുൎവ്വേദം.

# ആയുൎവ്വേദപരിഷ്കരണം.

## ii.

പരിഷ്കരണവിധങ്ങൾ.

1. ഇപ്പോൾ പേരുകൊണ്ടു മാത്രം അറിയപ്പെടുന്നവയും പുരാതനങ്ങളുമായ പല ആയുൎവ്വേദ ശാസ്ത്രഗ്രന്ഥങ്ങളും നമുക്കു നഷ്ടപ്പെട്ടിട്ടുണ്ട്. നമുക്കു ലഭിച്ചിട്ടുള്ളവയിൽ തന്നെ അപൂൎണ്ണങ്ങളായവയോ അംഗവൈകല്യം സംഭവിച്ചവയോ ഇല്ലെന്നു പറവാൻ നിൎവ്വാഹമില്ല. ചരകസുശ്രുതാദി ഗ്രന്ഥങ്ങളിൽ പലഭാഗങ്ങളും നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും ഇടയ്ക്കു പലതും കൂട്ടിച്ചേൎത്തു പ്രതിസംസ്കരിച്ചിട്ടുണ്ടെന്നും പറഞ്ഞുവരുന്നു. അവയിൽ പരിശുദ്ധങ്ങളല്ലാത്ത പാഠങ്ങൾ പല സ്ഥലത്തും സൂക്ഷിച്ചുനോക്കിയാൽ കാണാം. അതിനാൽ പുരാതനഗ്രന്ഥങ്ങളിൽ വല്ലതും ഇനിയും വെളിച്ചം കാണാതെ എവിടെയെങ്കിലും ശേഷിച്ചുകിടപ്പുണ്ടോ എന്നാരാഞ്ഞുകണ്ടു കിട്ടുന്നപക്ഷം അവയെ പ്രസിദ്ധീകരിക്കയും, ഇപ്പോൾ പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങളെ വീണ്ടും പരിശോധിച്ചു ശുദ്ധമാക്കി ആശയങ്ങളെ വിശദീകരിച്ചു വ്യാഖ്യാനിയ്ക്കുകയും, ഇല്ലാത്തവയും ആവശ്യമെന്നു തോന്നുന്നവയുമായ ഭാഗങ്ങൾ അന്യവൈദ്യശാസ്ത്രങ്ങളിൽനിന്നു യഥായോഗ്യം എടുത്തു ചേൎത്തു സമ്പൂൎണ്ണമാക്കിയും ഗ്രന്ഥങ്ങൾ നിൎമ്മിയ്ക്കേണ്ടതും ഏററവും ആവശ്യമാണ്. അതിനു പാശ്ചാത്യവും പൌരസ്ത്യവുമായ വൈദ്യവിദ്യയിൽ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരുടെ ഒന്നോ അതിലധികമോ സമിതികൾ ഉണ്ടാകേണ്ടതുമാണ്. അവരാൽ കാലാനുസൃതമായി നിൎമ്മിക്കപ്പെടുന്ന പാഠപദ്ധതികൾ ആയുൎവ്വേദവിദ്യാലയങ്ങളിൽ സ്വീകരിച്ചു നടപ്പിൽവരുത്തണം.

2. വൈദ്യശാസ്ത്രം അഭ്യസിയ്ക്കുവാൻ തുടങ്ങുന്ന ഒരു വിദ്യാൎത്ഥിയ്ക്കു സംസ്കൃതം, മലയാളം, ഈ ഭാഷകളിൽ ദൃഢവ്യുൽപ്പത്തിയും ഇംഗ്ലീഷിൽ സാമാന്യജ്ഞാനവും ഉണ്ടായിരിക്കണം. ആയുൎവ്വേദത്തിലെ പല ഉത്തമഗ്രന്ഥങ്ങൾക്കും ഹിന്ദി, ബംഗാളി എന്നീ ഭാഷകളിൽ വ്യാഖ്യാനങ്ങളുണ്ടെന്നുള്ളതും ഇവിടെ വിസ്മരിക്കുന്നില്ല. ആയുൎവ്വേദശാസ്ത്രങ്ങൾ വേണ്ടപോലെ അദ്ധ്യയനംചെയ്തു കാൎയ്യം ഗ്രഹിച്ചിട്ടുള്ളവരേ വൈദ്യന്മാരും ഗുരുനാഥന്മാരുമാകാവൂ. അവർ പരിഷ്കൃതന്മാരും പരിശുദ്ധഹൃദയന്മാരുമായിരിക്കണം. സംസ്കൃതഭാഷാപരിജ്ഞാനമില്ലാത്തവർ അദ്ധ്യാപകന്മാരോ വൈദ്യന്മാരോ ആയിത്തീൎന്നാൽ ശാസ്ത്രത്തിൻെറ നാനാമുഖമായ അഭിവൃദ്ധിയ്ക്കു് ഇടിവുപററുകതന്നെ ചെയ്യും.

3. സംസ്കൃതഭാഷയിലുള്ള ചികിത്സാഗ്രന്ഥങ്ങളിൽ കാണുന്ന മൂലികാദികളായ എല്ലാ ഔഷധങ്ങളുടേയും പ്രത്യേകമുള്ള ശരിയായ വസ്തുസ്വരൂപജ്ഞാനവും നാട്ടുഭാഷയിൽ അവ ഏതേതു പേരുകൾകൊണ്ടു് അറിയപ്പെടുന്നു എന്ന ബോധവും മററും ആയുൎവ്വേദവിദ്യാൎത്ഥികൾക്കുണ്ടായിരിക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യണം.

4. കൂടാതെ മനുഷ്യശരീരത്തെപ്പററി പ്രാചീനശാരീരത്തിൽനിന്നു ഗ്രഹിക്കാവുന്നവയെ ആധുനികശാരീരപാഠവുമായി സംയോജിപ്പിച്ചു്, അന്തരാശയങ്ങൾ ശരീരധൎമ്മങ്ങൾ മുതലായവയെ വ്യവച്ഛേദിച്ചറിവാൻ കഴിയത്തക്കവണ്ണം രണ്ടു വൈദ്യസമ്പ്രദായങ്ങളിലേയും തത്വങ്ങൾകൂടിയാലോചിച്ചു പഠിപ്പിക്കുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്യണം.

5. ശസ്ത്രക്രിയയും ഗൎഭാഹരണാദിക്രിയകളും ചെയ്യുവാനുള്ള പരിശീലനം, ആയുൎവ്വേദകോളേജിനു സമീപം നടത്തുന്ന ആയുൎവ്വേദാശുപത്രിയിൽനിന്നു വിദ്യാൎത്ഥികൾക്കു ലഭിക്കേണ്ടതാണ്. ശസ്ത്രക്രിയ മുതലായതു പ്രായോഗികമാക്കാനുള്ള രാജാനുമതിയും പ്രോത്സാഹനവും കേണ്ടതുമാണ്.

6. ആദ്യകാലങ്ങളിൽ ഔഷധങ്ങൾ പാകംചെയ്തു വിലയ്ക്കു വിററിരുന്നില്ല. ഇന്നാകട്ടെ എല്ലാ ഔഷധങ്ങളും എവിടേയും കിട്ടുമെന്നായിട്ടുണ്ടു്. വിദ്യാൎത്ഥികൾക്കു അധീതിബോധങ്ങൾക്കു ശേഷം ഉണ്ടാകേണ്ട ആചരണം എന്ന ഘട്ടം ഇതാണ്. വൈദ്യവിദ്യാലയങ്ങളുടെ സമീപത്തായി ഔഷധങ്ങൾ പാകംചെയ്യുന്ന സംസ്കാരശാലകൾ ഏൎപ്പെടുത്തിയിരിയ്ക്കണം. അവിടെ നിശ്ചിതസമയങ്ങളിൽ ഹാജരായി പാകക്രമങ്ങൾ ഗ്രഹിയ്ക്കുവാൻ സൌകൎയ്യം വിദ്യാൎത്ഥികൾക്കു ഉണ്ടായിരിക്കേണ്ടതാണ്. വൈദ്യവിദ്യാലയങ്ങളോടു സമീപിച്ചു ഔഷധോദ്യാനവും

എല്ലാ പ്രാകൃത ഔഷധങ്ങളുടേയും ഒരു സംഭരണശാലയും ഉണ്ടായിരിക്കണം. അവയിൽ പരിചയിക്കുവാൻ വൈദ്യവിദ്യാൎത്ഥികൾക്കു അവസരം നൽകണം.

7. ധാതുദ്രവ്യങ്ങളും മററും സംസ്കരിക്കുമ്പോൾ അവയിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്നും, അവയിൽ എന്തെല്ലാം അംശത്തെ എങ്ങനെ വേർപെടുത്താമെന്നും, ഔഷധയോഗത്തിൽ അവ ശരീരധാതുക്കളിൽ ചെയ്യുന്ന മാററം എന്തെല്ലാമെന്നും മററും വ്യക്തമായി ധരിയ്ക്കുവാൻതക്ക ഗവേഷണസാമഗ്രികൾ സംസ്കാരശാലകളിൽ സമ്പാദിച്ചു തദ്വിചക്ഷണന്മാരെക്കൊണ്ടു താദൃശക്രിയകൾ നിൎവ്വഹിക്കണം. ഔഷധങ്ങളിലുള്ള ഘടകപദാൎത്ഥങ്ങളെ വേർതിരിച്ചറിയുവാനും മററും സാധിച്ചാൽ ആയുൎവ്വേദത്തിലെ നിഗ്രഢതത്വങ്ങളും നേരിട്ടു മനസ്സിലാക്കാം. ഔഷധസംസ്കാരത്തിനും നവീനോപകരണങ്ങൾ ഉണ്ടായിരിയ്ക്കുന്നതു ഗുണകരമാണു്. ആയുൎവ്വേദം ശാസ്ത്രീയമായി അഭ്യസിയ്ക്കാത്ത ഔഷധവ്യാപാരികൾ ഔഷധങ്ങൾ പാകംചെയ്യുവാനോ ചികിത്സിക്കുവാനോ ഉപയോഗപ്പെടുത്തിവരുന്ന അനൎഹമായ സ്വാതന്ത്ര്യം തടയപ്പെടാതിരുന്നാൽ മുകളിൽ വിവരിച്ച പരിഷ്കാരങ്ങൾ ഒന്നും സഫലമാവുകയില്ല. ഔഷധസംസ്കാരകാൎയ്യത്തിൽ അധികൃതസ്ഥാനത്തിൽനിന്നു തന്നെ നിൎബ്ബന്ധമായ ചില വ്യവസ്ഥകൾ ഉണ്ടാകണം അല്ലാത്തപക്ഷം സജാതീയങ്ങളായ സംസ്കൃതൗഷധങ്ങൾക്കു സൎവ്വത്ര വൎണ്ണഗന്ധാദികളിൽ ഐകരൂപ്യം ഉണ്ടായിരിയ്ക്കുന്നതായ ഒരേ പേരിലറിയപ്പെടുന്ന ഒരൌഷധം പല സ്ഥലങ്ങളിൽ പല മാതിരി കാണപ്പെടുന്നതായാൽ അതുകൊണ്ടു ജനങ്ങൾക്കു പരക്കെ ആയുൎവ്വേദചികിത്സയിൽ അവിശ്വാസവും അഭിമാനക്കുറവും സംഭവിച്ചേക്കാം.

8. രോഗപരീക്ഷയ്ക്കു നമ്മുടെ നിദാനപഞ്ചകവും രോഗിപരീക്ഷയ്ക്കു ദൎശസ്പൎശനാദികളും സാധനങ്ങളായിട്ടുണ്ടെങ്കിലും, ആധുനികസമ്പ്രദായങ്ങളും നമുക്കു സ്വീകാൎയ്യംതന്നെ. എക്സ്റേ, ഉഷ്ണമാപനയന്ത്രം, അണുപരിശോധനയന്ത്രം, ഉരഃപരിശോധനയന്ത്രം, മൂത്രപരിശോധനക്രമങ്ങൾ ഇവയൊക്കെ കാൎയ്യഗ്രഹണത്തിൽ നമ്മെ കൂടുതൽ സഹായിയ്ക്കുകയേ ഉള്ളൂ. ആയുൎവ്വേദതത്വങ്ങളുടെ അടിസ്ഥാനത്തിനു പുറമേ അന്നന്നുള്ള ലോകത്തിൻെറ വളൎച്ചയിൽ നിരീക്ഷണപരീക്ഷണങ്ങൾകൊണ്ടുള്ള ശാസ്ത്രവളൎച്ചയും മനുഷ്യബുദ്ധിയെ കൎമ്മകുശലമാക്കുവാൻ പൎയ്യാപ്തമാണു്.

9. നവരക്കിഴി, പിഴിച്ചിൽ, തക്രധാര മുതലായവയും ചികി

ത്സയിൽ അതിപ്രധാനമായ വസ്തിക്രിയയും വമനനസ്യാദികർമ്മങ്ങളും ചികിത്സാലയത്തിൽനിന്നു പരിചയിക്കേണ്ടവതന്നെ.

10. ആയുൎവ്വേദത്തിലെ പരിപാടികൾ ശാഖകളായി തിരിച്ചു ഓരോന്നിലും പ്രത്യേകചുമതലയുള്ളവരെ നിയമിയ്ക്കുന്നതു കൂടുതൽ കാൎയ്യക്ഷമമാകും. ഔഷധനിൎമ്മാതാക്കൾ, രാസയോഗവിജ്ഞാനികൾ, ശസ്ത്രക്രിയാവിദഗ്ദ്ധന്മാർ, വിഷവൈദ്യന്മാർ, കായികചികിത്സകന്മാർ ഇത്യാദി പ്രത്യേകഭാഗങ്ങളാക്കിത്തിരിച്ചു നടത്തുന്നതായാൽ അതാതു ക്രിയകളിൽ അവൎക്കു കൂടുതൽ പ്രാപ്തിയുണ്ടായിരിക്കുമല്ലോ.

11. സ്ത്രീകളെ പ്രസൂതികാശാസ്ത്രപരമായും രോഗശുശ്രൂഷാപരമായുമുള്ള പരിജ്ഞാനമുള്ളവരാക്കിത്തീൎക്കുന്നതു കൂടുതൽ ഗുണകരമാകുന്നു.

12. ആരോഗ്യകരങ്ങളായ ഭൂപ്രദേശങ്ങളെ തിരഞ്ഞെടുത്തു അവിടവിടെ ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടാക്കുകയും അവിടെ യഥായോഗ്യം രോഗികൾക്കുമാത്രമല്ല സ്വസ്ഥന്മാൎക്കുകൂടി രസായനസേവയ്ക്കും മററും വേണ്ട സൗകൎയ്യങ്ങൾ ഉണ്ടാക്കുകയും വേണം.

13. ആയുൎവ്വേദതത്വാനുസരണം ജനങ്ങൾക്കു വേണ്ടുന്ന നിൎദ്ദേശങ്ങൾ, പത്രങ്ങൾ മാസികകൾ, ലഘുലേഖകൾ മുതലായവമുഖേന നല്കേണ്ടതാണ്. അവമുഖേന ദിനചൎയ്യ, ഋതുചൎയ്യ മുതലായവയെപ്പററിയുള്ള അറിവു സാധാരണ ജനങ്ങൾക്കു ലഭിയ്ക്കേണ്ടതാണ്.

14. ഇന്നത്തെ ലോകചക്രത്തിരിപ്പിൽ പാശ്ചാത്യസിദ്ധാന്തങ്ങളെ ലോകർ പരിപൂൎണ്ണമായി വിശ്വസിയ്ക്കുന്നു. അതിനുതക്ക വേഷത്തിലാണു അവയെ അവർ ലോകരംഗത്തു കൊണ്ടുവരുന്നതു്. അതുപോലെ പൌരസ്ത്യതന്ത്രങ്ങളിലും വിശ്വാസമുണ്ടാകണമെങ്കിൽ പാശ്ചാത്യവീക്ഷണദ്വാരാ അവയേയും ഘടിപ്പിച്ചു സമരസപ്പെടുത്തി സമ്മതിപ്പിക്കേണ്ടിയിരിയ്ക്കുന്നു. നമ്മുടെ ആശയവും ജ്ഞാനവും ഇംഗ്ലീഷുഭാഷയിലും വേഷത്തിലും പ്രത്യക്ഷപ്പെടുത്തുവാൻ നമുക്കു സാമൎത്ഥ്യമുണ്ടാകണം.

മേൽവിവരിച്ച പരിഷ്കാരങ്ങളെല്ലാം ആയുൎവ്വേദമൂലതത്വങ്ങളെ വിടാതെയും പൂൎവ്വാചാൎയ്യപരമ്പരകളേയും അവരുടെ അചിന്ത്യപ്രഭാവവിശേഷങ്ങളേയും അനുസ്മരിച്ചും നടപ്പിൽ വരുത്തുന്നതായാൽ ആയുൎവ്വേദചികിത്സ പൂൎവ്വകാലത്തേപ്പോലെ സൎവ്വാനുഗ്രഹകമായി പ്രശോഭിയ്ക്കുകതന്നെ ചെയ്യും.

ധന്വന്തരിദാസ് സി എൻ. നാരായണൻ മൂസ്സ്,
ആണററി ആയുൎവ്വേദഡയറക്ടർ, തിരുവനന്തപുരം

ഗ്രന്ഥവിഹാരം.

# ഭാഷാചമ്പൂക്കൾ.

ഗ്രന്ഥകർത്താ:—മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ.
ശ്രീധര പ്രിൻറിങ്ങ് ഹൌസ്, തിരുവനന്തപുരം

വിജ്ഞാനദീപികയുടെ പ്രഥമസമ്പുടത്തിൽ നാതിവിസ്തൃതവും എന്നാൽ ശ്രദ്ധേയവുമായി നാം കുറേക്കാലം മുമ്പുകണ്ട വിമശനശിശുവാണ ഇന്ന ഭാഷാചമ്പൂക്കൾ എന്ന പവിത്രനാമധേയവും വഹിച്ച ശോദ്ധ്യായിയാകുന്ന വെൺകൊററക്കുടയുടെ കീഴിൽ രുചിരസാരവൎണ്ണപടയും രസഭാവവതിയും ജഗന്മനോഹാരിണിയുമായി പൊതുജനരംഗത്തിൽ തൃപ്പാദങ്ങളൂന്നി ഞങ്ങളുടെ നിരൂപണത്തിനു വിഷയീഭവിച്ചിരിക്കുന്നതു്,

ഭാഷാസാഹിത്യത്തിനു ഉൽക്കം ഉന്മേഷവും ഓജസ്സും തേജസ്സും ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതു, വാസ്തവത്തിൽ ചമ്പൂക്കളാണ് കാലാന്തരത്തിൽ ആ സാഹിത്യപ്രസ്ഥാനത്തിനുണ്ടായിരുന്ന സ്ഥാനം ദുർബ്ബലമാകുകയും, മറെറാന്നു അവിടെ പ്രത്യക്ഷപ്പെടുകയും ചെയ്തു എങ്ങനെയായാലും ചമ്പൂക്കൾക്കൊരു ചരിത്രവും, ആ ചരിത്രത്തിന്നൊരു മഹത്വവും ഉണ്ടെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

ഭാഷാചമ്പൂക്കളുടെ പ്രപഞ്ചനത്തിൽ സംസ്കൃതചമ്പൂക്കളെക്കുറിച്ചുള്ള പ്രതിപാദനം അപരിഹരണീയമാണെന്നു അറിഞ്ഞുകൊണ്ടുതന്നെയാണ് മഹാകവി പ്രസ്തുതഗ്രന്ഥത്തിൻെറ ഒന്നാമദ്ധ്യായം അതിന്നായി സമർപ്പിച്ചിട്ടുള്ളതു്. ഭാഷാചമ്പൂക്കളുടെ ചരിത്രത്തിനു നിശ്ചയമായും ഈ അദ്ധ്യായം ഒരു പീഠികയായിത്തന്നെ പരിഗണിക്കാം രണ്ടാമദ്ധ്യായം മുതൽ പത്താമദ്ധ്യായംവരെ മഹാകവി വിമശിച്ചിട്ടുള്ളതു പ്രാചീനങ്ങളും നവീനങ്ങളുമായ ഭാഷാചമ്പൂക്കളെയാകുന്നു ഏഴാമദ്ധ്യായത്തിൽ വൈഷ്ണവകഥാപ്രതിപാദകങ്ങളായ ചമ്പൂക്കളെ നിരൂപണംചെയ്യുന്ന ഈ പണ്ഡിതസാൎവ്വഭൌമൻ ശൈവകഥാനിബദ്ധങ്ങളായ ചമ്പൂക്കളുടെ വിമശനത്തിനായിട്ടാണ് എട്ടാമദ്ധ്യായം കഴിച്ചിട്ടിരിക്കുന്നതു്.

പത്താമദ്ധ്യായാന്ത്യത്തിൽ ചമ്പൂക്കളുടെ ഭാവിയെ ദീഘദശനം ചെയ്തതിനു ശേഷം ഉള്ളൂർ ചമ്പൂകാരന്മാക്കു ചില ഉപദേശങ്ങൾ നൽകിയിരിക്കുന്നു.

ചമ്പൂപ്രസ്ഥാനത്തിൻെറ അപജയമാണ് ഒൻപതാമദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം ചുരുക്കം പറഞ്ഞാൽ ചമ്പൂക്കളുടെ ഒരു സാംഗോപാംഗമായ ഗുണദോഷനിരൂപണമാണ പ്രകൃതഗ്രന്ഥത്തിൽ സാൎവ്വത്രികമായി ഞങ്ങൾ കാണുന്നതു്.

സുപ്രസിദ്ധങ്ങളായ ചമ്പൂക്കളെ മഹാകവി ഒരു വിഹഗവീക്ഷണംകൊണ്ടു അനുഗ്രഹിച്ചു വല്ലതുമൊന്നങ്ങു പറഞ്ഞുപോകുകയല്ല അവയിലെ സഹൃദയാകൎഷകങ്ങളായ ഭാഗങ്ങൾ ഓരോന്നും ഉദ്ധരിച്ചു അവയുടെ മററു ഭംഗിയായി ഉരച്ചുനോക്കുകകൂടിയാണ് ചെയ്തിട്ടുള്ളതു് അദ്ദേഹത്തിൻെറ "ശാണോപലാന്ദോളനലില"കൊണ്ടുള്ള ഗുണം എത്രത്തോളമെന്നു നിമ്മത്സരബുദ്ധികൾ കാണാതെയും ഇരിക്കുന്നതല്ല.

പ്രസിദ്ധീകൃതങ്ങളും പ്രചുരപ്രചാരത്തിലെത്തിയിട്ടുള്ളവയുമായ ചമ്പൂക്കളെ മാത്രമല്ല അമുദ്രിതങ്ങളും, സൂര്യാലോകനത്തിനുപോലും ഭാഗ്യം സിദ്ധിക്കാത്തവയുമായ ചമ്പൂക്കളേയും അദ്ദേഹം തേടിപ്പിടിച്ചു വിമശിച്ചിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും അദ്ദേഹം പറയുന്നു, "I do not expect this book to be free from defects" എന്ന്. (ന്യൂനതകളിൽനിന്നു വിമുക്തമാണ് ഈ ഗ്രന്ഥമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ അഭിപ്രായം മഹാകവിയുടെ ഒരു വിനയപ്രകടനമായിട്ടേ ഞങ്ങൾ കരുതുന്നുള്ളു. ഞങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഞങ്ങൾക്കു ഈ അഭിപ്രായത്തോടു യോജിക്കുവാൻ നിവ്വാഹമില്ല. അന്യൂനവും ലോകോത്തരവും ആയ ഉൽകൃഷ്ടഗ്രന്ഥമായിട്ടാണ ഞങ്ങൾ പ്രസ്തുതഗ്രന്ഥത്തെ പരിഗണിക്കുന്നതു്.

ഭാഷയുടെ സർവ്വതോമുഖമായ ശ്രേയസ്സിനുവേണ്ടി സ്വജീവിതം ബലികഴിച്ചു കൊണ്ടിരിക്കുന്ന മഹാകവിയുടെ അശ്രാന്തയത്നങ്ങൾക്ക ഭാഷാസാഹിത്യം ആചന്ദ്രം കടപ്പെട്ടിട്ടുണ്ട്. ഈ ഒരൊററ ഗ്രന്ഥം രചിക്കുന്നതിനുവേണ്ടി അദ്ദേഹം എത്ര മാത്രം ക്ലേശിച്ചിട്ടുണ്ടെന്നും, എത്ര വിലയേറിയ സമയം വ്യയം ചെയ്തിട്ടുണ്ടെന്നും ഇതിലെ ഓരോ ഏടുകളും വിളിച്ചുപറയുന്നുണ്ട്.

ഭാഷാഭണ്ഡാഗാരത്തിലെ ഒരമൂല്യനിധിയായിട്ടും, ആസന്നഭാവിയിൽ സമുദയം ചെയ്യുന്ന സാഹിത്യചരിത്രത്തിന്റെ "ഗണപതിക്കു കുറിക്ക"ലായിട്ടുമാണു ഈ മഹാഗ്രന്ഥത്തെ ഞങ്ങൾ കരുതുന്നത്. ഏറെക്കുറെ അഞ്ഞൂറോളം പേജുകളുള്ളതും നല്ല മേനിക്കടലാസ്സിൽ അച്ചടിച്ചിട്ടുള്ളതുമായ ഭാഷാചമ്പൂക്കൾക്ക 2ക 4ണ വില നിശ്ചയിച്ചിട്ടുള്ളതു് ഒട്ടും അധികമല്ല. T. K. R. M.

---

## 1118-ാമാണ്ടത്തെ യോഗക്ഷേമപഞ്ചാംഗം.

പഞ്ചാംഗംപ്രസ്സ്, കുന്നംകുളം വില എട്ടണ

മുപ്പത്തിമൂന്നു കൊല്ലത്തോളമായി സുപ്രസിദ്ധമായ നിലയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യോഗക്ഷേമപഞ്ചാംഗത്തിന്റെ 34-ാം ലക്കമായ 1118-ാമാണ്ടത്തെ യോഗക്ഷേമപഞ്ചാംഗവും കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ച മാനനീയരായ മനയ്ക്കൽ ശങ്കരനാരായണൻ നമ്പൂതിരി അവർകളും കാണിപ്പയ്യൂർ മനയ്ക്കൽ ശങ്കരൻനമ്പൂതിരിപ്പാടവർകളുംകൂടി ഗണിച്ചുണ്ടാക്കിയിട്ടുള്ള പ്രസ്തുത പുസ്തകത്തെപ്പററി വിശേഷവിധിയായി ഒന്നും പറയേണ്ടതില്ല പതിവുപോലെ എല്ലാം വിഷയങ്ങളും ഇതിൽ സുവ്യക്തമായി പറഞ്ഞിരിക്കുന്നു. വിശേഷിച്ച് ഗ്രഹണസ്പർശമദ്ധ്യമോക്ഷത്തിലുള്ള നാഴികവിനാഴികകൾക്ക് പുരാതനവും ആധുനികവും ആയിട്ടുള്ള ഗണിതംകൊണ്ടുണ്ടാകുന്ന വ്യത്യാസങ്ങൾ സ്പഷ്ടമാക്കിയിട്ടുള്ളതു് സമുചിതമായിട്ടുണ്ട്. ജ്യോതിശ്ശാസ്ത്രഗണിതപദ്ധതി ഒന്നു പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്രസാധകന്മാർക്ക് ഞങ്ങൾ സർവമംഗളമങ്ങളും ആശംസിച്ചുകൊള്ളുന്നു.

---

## മംഗളോദയം

പുസ്തകം 18. ലക്കം 1-2

വ്യാഴദശയിൽ ജനിച്ചു് ചൊടിപ്പും വെടിപ്പും പഠിപ്പും മിടുക്കുമായി വളൎന്നുവന്ന മംഗളോദയം മാസികാമണി ശനിദശയിൽ രോഗബാധിതയായി കിടപ്പിലായിരുന്നുവെങ്കിലും ബുധദശാരംഭത്തോടുകൂടി തട്ടിപ്പിടഞ്ഞെഴുനീററു പൂൎണ്ണയൗവ്വനയുക്തയായി ഇതാ പുറത്തുവന്നിരിക്കുന്നു. ദിവംഗതനായ സാഹിത്യചക്രവൎത്തി മ. മ. ശ്രീ. അപ്പൻതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായിട്ടാണു് ഇവളുടെ പുറപ്പാടു്. നവയൗവ്വനവും വന്നു് നാൾതോറും വളരുന്നതിനു് വേണ്ടതക്ക സകല സൌഭാഗ്യങ്ങളും ഇവൾക്ക് സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു.

ആററൂർ; ജി. ശങ്കരക്കുറുപ്പു്; വി. എം കുട്ടികൃഷ്ണമേനോൻ B. A., ജോസഫ് മുണ്ടശ്ശേരി M. A. എന്നീ നാലു സാഹിത്യനായകന്മാരുടെ പത്രാധിപത്യത്തിലും ധനവിഷയമായും അച്ചടിവിഷയമായും മററും പ്രസിദ്ധിനേടിയ വിശ്വവിശ്രുതമായ മംഗ

ളോദയം കമ്പനി (Ltd.)യിൽ അച്ചടിച്ച് ശ്രീ. അപ്പൻതമ്പുരാൻ സാഹിത്യസമാജത്തിൻെറ ആഭിമുഖ്യത്തിലും നടത്തിവരുന്ന പ്രസ്തുത സഹജീവി സാഹിത്യസാമ്രാജ്യത്തിലെ ഒരു കെടാവിളക്കായി പ്രശോഭിക്കുവാൻ വഴി കാണുന്നുണ്ട്.

പ്രഥമലക്കംതന്നെ പണ്ഡിതാഗ്രേസരന്മാരായ പല മഹാന്മാരുടേയും ലേഖനങ്ങൾകൊണ്ട് സംപുഷ്ടമായിരിക്കുന്നു. എട്ടുഫാറം (64 പേജ്) ത്തിൽ പ്രതിമാസം പുറപ്പെടുന്ന പ്രസ്തുത മാസികക്ക് വാൎഷികവരിസംഖ്യ 5ക.യാണ്.

പുതിയ സഹജീവിക്ക് ഞങ്ങൾ സൎവമംഗളങ്ങളും ആശംസിക്കുന്നു.

---

## ചുടുകണ്ണുനീർ. (വില 6 ണ

ഗ്രന്ഥകൎത്താ: ടി. ആർ. നായർ, തൃശ്ശൂർ.

ഒരു യഥാൎത്ഥപണ്ഡിതനും വാസനാകവിയുമായ ടി ആർ. നായരവർകളുടെ കവിതകൾ രാജൎഷിമുഖേന പലരും വായിച്ചിരിക്കുവാനിടയുണ്ട്. അദ്ദേഹത്തിൻെറ ഓമനസ്സന്താനം അകാലനിൎയ്യാണത്തിൽപെട്ടതുകൊണ്ടുണ്ടായ ചുടുകണ്ണുനീരാണ് പഠനമട്ടിൽ കൈരളീദേവിക്കു സമൎപ്പിച്ച ഈ ചുടുകണ്ണുനീർ.

കാണുവാൻ കൊതിച്ചുണ്ടായ പൂവുടൻ
വീണുപോവുകിലേവൻ പൊറുത്തിടും
* * * *
വിട്ടു ജീൎണ്ണമാമംബരം നൂതന-
പ്പുട്ടുടുക്കുന്ന മാതിരി ദേഹികൾ
ഏകദേഹം വെടിഞ്ഞു മറെറാന്നിനെ
സ്വീകരിക്കുന്നു സംസാരമേവമാം........ ഇത്യാദി അനേകം ഭാഗങ്ങൾ വിജ്ഞാനസന്ദായകങ്ങളായിട്ടുണ്ട്.

''അച്ഛനമ്മമാരെക്കൊതിപ്പിക്കുമാ-
ക്കൊച്ചുതങ്കക്കലികയാമാരോമ''ലിനെപ്പററി ദുഃഖാൎത്തനായ ഗ്രന്ഥകൎത്താവു അനുസ്മരിക്കുന്ന ഭാഗങ്ങൾ പ്രസ്തുതഗ്രന്ഥപാരായണപരായണന്മാരായ ഏവരേയും ചുടുകണ്ണീരിലാറാടിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

---

മൂന്നു ചരമങ്ങൾ.

## എൻ. എസ്. പണ്ടാല; വിദ്വാൻ സി. എസ്. നായർ; ടി. സി. അച്യുതമേനോൻ

മലയാളത്തിൽ ടൈപ്പ് റൈററിങ്ങും, ചുരുക്കെഴുത്തും കണ്ടുപിടിച്ച ഒരു മഹാനുഭാവനാണ് എൻ. എസ്. പണ്ടാല. ഈ രണ്ടു സമ്പ്രദായങ്ങളും കണ്ടുപിടിക്കുന്നതിനും പ്രചരിക്കുന്നതിനുംവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള കായക്ലേശവും ധനനഷ്ടവും സീമാതീതമാണ്. മി. പണ്ടാലക്ക് അനേകം ശിഷ്യന്മാർ ഉണ്ടായിട്ടുണ്ട്. അവർ ഓരോരുത്തരും ഇന്ന് ഉദ്യോഗത്തിൽ വൎത്തിച്ചുവരുന്നു. ഇദ്ദേഹത്തിൻെറ ഈ കണ്ടുപിടുത്തത്തിന് വലിയ പ്രതിഫലമൊന്നും അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. തിരുവിതാംകൂർ ഗവൎമ്മേണ്ടിൽനിന്നും ചില സഹായങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ടെന്നു കേൾക്കുന്നതു്

സന്തോഷാവഹമാണ്. പാശ്ചാത്യരാജ്യങ്ങളിലായിരുന്നുവെങ്കിൽ ഈ കണ്ടുപിടിത്തത്തിന് സല്‌ക്കീർത്തിയും കുബേരപദവിയും ലഭിക്കുമായിരുന്നു. മലയാളം ചുരുക്കെഴുത്തിൻെറയും ടൈപ്പ്റൈററിങ്ങിൻെറയും ആവശ്യം നിമിഷംപ്രതി നാട്ടിലെങ്ങും പ്രചരിക്കുന്ന ഒരു സുവർണ്ണകാലം ഉണ്ടാകുമെന്നുതന്നെ നമുക്കു വിശ്വസിക്കാം. ശ്രീ. പണ്ടാലയുടെ വിയോഗം ഭാരതത്തിനൊട്ടാകെ വലിയൊരു നഷ്ടമായിട്ടുണ്ട്.

വിദ്വാൻ സി. എസ്. നായരെപ്പററി അറിയാത്തവർ സാഹിത്യലോകത്തിൽ അധികമാളുകളുണ്ടെന്നു തോന്നുന്നില്ല. ശ്രീ. വിദ്വാൻ സി. ശങ്കുണ്ണിനായരായ സി. എസ്. നായർ, മഹാ വിദ്വാനായി യശശ്ശരീരനായ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകളുടെ ഉത്തമശിഷ്യന്മാരിൽ ഒരാളായിരുന്നു ശ്രീ നമ്പി അവർകൾ നടത്തിയ "വിജ്ഞാനചിന്താമണി" മാസികയിൽ അദ്ദേഹം അനേകം പ്രൌഢലേഖനങ്ങൾ എഴുതീട്ടുണ്ട്. മലയാളമാസികകളിൽ അദ്ദേഹം എഴുതീട്ടുള്ള ഗദ്യപദ്യലേഖനങ്ങൾക്കു കണക്കില്ല. പട്ടാമ്പി സംസ്കൃത മഹാപാഠശാലയിലെ വൈസ് പ്രിൻസിപ്പാളായിരുന്നു വിദ്വാൻ സി.എസ്. നായർ. അദ്ദേഹത്തിൻെറ നിശിതനിരൂപണം ചില ഗ്രന്ഥകർത്താക്കന്മാരെ വിഷമിപ്പിച്ചിട്ടുണ്ട്. എന്നാൽ മനഃപൂർവ്വം ആരേയും അദ്ദേഹം കുററപ്പെടുത്തീട്ടില്ല.

സാഹിത്യനഭോമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരം മങ്ങിപ്പോയി. കൈരളീദേവിയുടെ ഒരു ഉത്തമഭക്തൻ നഷ്ടപ്പെട്ടു. ദൈവഗതിയെ തടുക്കുവാൻ ആർക്കും ശക്യമല്ലല്ലോ.

രാജർഷികലാനിലയത്തിൻെറ ഉത്തമമിത്രവും സംഗീതനൈഷധം സംഗീതഹരിശ്ചന്ദ്രചരിതം ഭദ്രോത്ഭവം കഥകളി ഹരിഹരചരിതം മുതലായ പല ഗ്രന്ഥങ്ങളുടെയും ഗ്രന്ഥകർത്താവും ആയ ടി.സി. അച്യുതമേനോൻ അവർകൾ ഈ മാസം 25-ാംനു ഉച്ചക്ക് (73-ാമത്തെ വയസ്സിൽ) പരലോകപ്രാപ്തനായതിൽ ഞങ്ങൾക്കുള്ള നിസ്സീമമായ സങ്കടത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹം സംഗീതനൈഷധം (നാടകം) ഒന്നുകൊണ്ടു തന്നെ ഭാരതീയരുടെ ഇടയിൽ സുപ്രശസ്തനായ ഗായകകവിയായിക്കഴിഞ്ഞിരിക്കുന്നു. 19 പതിപ്പിൽ നാല്പതിനായിരം പ്രതികളാണ് "സംഗീതനൈഷധം" അച്ചടിച്ചു വിററുകഴിഞ്ഞിരിക്കുന്നതെന്നോക്കുമ്പോൾ ആരാണ് അത്ഭുതപ്പെടാത്തത്? അദ്ദേഹത്തിന് അനേകം ശിഷ്യന്മാർ ഇന്നും സംഗീതവിഷയത്തിലും സാഹിത്യവിഷയത്തിലും ഉണ്ട്. ഈ മഹാനുഭാവൻ സുപ്രഭാതം, ചിത്രഭാനു, ഭാരതി എന്നീ പത്രങ്ങളുടെ പത്രാധിപത്യം സുപ്രശസ്തമാംവണ്ണം നടത്തി. അക്കാലത്തു രാജ്യത്തു നടക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ കർക്കശമാംവണ്ണം നിരൂപണംചെയ്യുകയും ആ വിഷയത്തിൽ അദ്ദേഹത്തിന് ഗണ്യമായ സ്ഥാനം ലഭിക്കയും ചെയ്തു. ഇങ്ങനെ എല്ലാവിധത്തിലും സുപ്രശസ്തനായിരുന്ന ഇദ്ദേഹത്തിൻെറ നിര്യാണം കൈരളിക്ക് തീരാനഷ്ടമാണെന്നു നിസ്സംശയം പറയാം. വാർദ്ധക്യസഹജമായ സുഖക്കേടുകളൊന്നും അധികമായി അദ്ദേഹത്തെ ബാധിച്ചിട്ടില്ലായിരുന്നുവെങ്കിലും കണ്ണിനുമാത്രം കുറച്ചു കാഴ്ചക്കുറവുണ്ടായിരുന്നു. പെട്ടന്നാണ് അദ്ദേഹത്തിൻെറ വിയോഗം ഉണ്ടായത്. ഇദ്ദേഹത്തിൻെറ ബന്ധുമിത്രാദികൾക്കു നേരിട്ട ഈ തീരാദുഃഖത്തിൽ ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു.

ഈ മൂന്നു ഭാഷാബന്ധുക്കളുടേയും അകാലനിര്യാണത്തിൽ ഞങ്ങൾ വ്യസനിക്കുകയും അവരുടെ ആത്മാക്കൾക്കു നിത്യശാന്തി അരുളുവാൻ ജഗദീശ്വരനോടു പ്രാർത്ഥിക്കയുംചെയ്യുന്നു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

## സമരഗീതം.

—o—

(വഞ്ചിപ്പാട്ട്.)

എത്തിയല്ലോ മഹായുദ്ധം, എത്തിയല്ലോ മഹായുദ്ധം,
സത്വരമൊരുങ്ങിയാലും സോദരന്മാരെ!

പാരിടവുമാകാശവും വാരിധിയും മുഴങ്ങുന്നു
പീരങ്കിയാൽ, ബോമ്പുകളാൽ, തീക്കപ്പലിനാൽ.
ജർമ്മനിതൻ ക്രൂരതയും ജപ്പാനുടെ വഞ്ചനയും
തമ്മിലൊത്തീയുലകത്തെച്ചീന്തിത്തിന്നുന്നു!
യുദ്ധഭൂതം വാ പിളർന്നു നാലുപാടുമലറുമ്പോൾ
ബദ്ധമൌനമലസരായ് വാഴ്കയോ നമ്മൾ?

ഒരു മഹാവിപത്താണീയുലകത്തെ വിഴുങ്ങുന്ന-
തൊഴിഞ്ഞുനില്ക്കുവാൻ നമ്മൾക്കിനിവയ്യല്ലൊ.
മറക്കുക ജാതിമതവിഭേദമത്സരാദികൾ,
ഇറങ്ങുക നമ്മൾ പൊതുശത്രുവോടേല്പാൻ.
പടിവാതിൽ കടന്നെത്തി പരർ നമ്മെത്തകർക്കുവാൻ,
ഞൊടിനേരമിനി നമ്മൾ കളഞ്ഞീടൊല്ലേ.

ഭാരതാംബതൻമുഖത്തിൽ ബോമ്പുകളെറിഞ്ഞീടുവാൻ,
പീരങ്കികളൊഴിയ്ക്കുവാനെത്തി ശത്രുക്കൾ.
സോദരീസോദരന്മാരേ, സത്വരമിറങ്ങുക നാം
മാതൃഭൂമീദേവിയുടെ മാനം പുലർത്താൻ.

ധർമ്മവുമധർമ്മവുമേ തമ്മിലാണിന്നത്തെ യുദ്ധം,
ധർമ്മമെങ്ങു? ജയമങ്ങു നിർണ്ണയമെന്നും.
ധർമ്മത്തിനായ് പൊരുതുന്നു ദിവാനിശമിതാ ബ്രിട്ടൻ,
എമ്മട്ടിലും തുണയ്ക്കുക നമ്മുടെ ധർമ്മം.
നൂറുനൂറു കണക്കിനു ചേരുക യുദ്ധത്തിൽ നമ്മൾ.
പാരം സഹായിക്കുക നാം പണത്തിനാലും.
ശത്രുക്കളിങ്ങാക്രമിയ്ക്കിൽ, ശരണമററുഴന്നിടും
സാധുക്കളെ സഹായിപ്പാനൊരുങ്ങുക നാം.
സമസ്തമാമൊരുക്കൂട്ടുകെട്ടിലിണങ്ങുക നമ്മൾ,
ഹിമാലയം തൊട്ടു കന്യാകുമാരിവരെ!

അയയ്ക്കുവി,നമ്മമാരേ! മക്കളെപ്പോർക്കളത്തിലേ-
യ്ക്കു,ഴിയ്ക്കുവിൻ മടിശ്ശീല ധനികന്മാരേ!
ഇറങ്ങുവിനാതുരശുശ്രൂഷയ്ക്കു സോദരിമാരേ!
പൊരുതുവിൻ ജയം വരെബ്ഭാരതീയരേ!

* സമ്മാനാർഹമായതു്.

നശിയ്ക്കട്ടേ, ജൎമ്മനിതൻ നാസിസവും മറ്റനവും,
നശിയ്ക്കട്ടേ ജപ്പാനുടെ വഞ്ചനകളും;
നശിയ്ക്കട്ടേ ഇററലിതൻ ധിക്കാരദുരാഗ്രഹങ്ങൾ,
നശിയ്ക്കട്ടേ അച്ചുതണ്ടു ശക്തികളൊപ്പം.
ജയിക്കട്ടേ സമരത്തിലനുപദമുടൻ ബ്രിട്ടൻ,
ജയിയ്ക്കട്ടേ സമ്പൂൎണ്ണമായ് സഖ്യശക്തികൾ;
ജയിയ്ക്കട്ടേ പോരിലെന്നും ഭാരതീയ ഭടാഗ്രിമന്മാർ,
ജയിയ്ക്കട്ടേ ജഗദീശകൃപയാൽ നമ്മൾ.

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ,
H. S, ഇരിഞ്ഞാലക്കുട.

## ദേശീയസൈന്യം.

—*—

(കാകളി.)

ഭാരതത്തിൻെറ നെടുമ്പുകൾ ചാൎത്തിടും-
ധീരതപെററുള്ള വീരയോദ്ധാക്കളെ!
കേരളത്തിൻെറയനന്യവെന്നിക്കൊടി-
ക്കൂറ പറത്തും സഹോദരസംഘമേ!
പ്രാണനെപ്പോലും വിജയലക്ഷ്മിക്കുടൻ
കാണിക്കവെക്കാൻ കരൾക്കരുത്തേറിടും-
ഉന്നതപൂൎവ്വികമേന്മപുലൎത്തുവാൻ
വന്നുപോയ് ഹാ! ഹാ! മുഹൂൎത്തം നമുക്കിതാ!
യാതൊരു ശക്തിതൻകീഴിലീ വിസ്തൃത-
മേദിനിനിത്യം സുഖസുപ്തിയേല്പതു.
അമ്മഹാ ശക്തിയാം ബ്രിട്ടീഷ് ജയക്കൊടി
അംബരത്തട്ടിൽ നിന്നൊന്നിപ്പറിക്കുവാൻ
കഷ്ടിച്ചുപൊങ്ങുമമിത്രകരങ്ങളെ
വെട്ടിനുറുക്കിക്കളയാം നമുക്കുടൻ
ചിക്കെന്നു പായുന്ന വൈരിപ്രവാഹത്തിൽ
ഐക്യപ്രഭാവാൽ നമുക്കണകെട്ടിടാം!
അച്ചുതണ്ടിന്മേൽ കിടന്നിനമുക്കെതിർ-
ശക്തിയെയെത്രയും ചക്രം തിരിച്ചിടാം!
നാതിദൂരത്തണിയിട്ട ശത്രുക്കളെ
ഭേദിച്ചുകൊണ്ടുടൻ മുന്നോട്ടു പോയിടാം
നാടമ്പടയിൽ നാം ചേൎന്നുകാണുകിൽ ജന്മ-
നാടിന്നു നീളെപ്പുളകം മുളച്ചിടാം.
ദേശീയസൈന്യനിരയായ് നമുക്കിനി
ദേശാഭിമാനം പുലൎത്താം പുകഴ്ത്തിടാം.

പി. ടി. എൽ. (എരനെല്ലൂർ)